# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2573** **18.08.2017- ൽ മറുപടിക്ക്**

## കാസർഗോഡ് മണ്ഡലത്തിലെ ചെർക്കള ടൗണിൽ നടത്തിയ വികസന പ്രവൃത്തി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | എം.എൽ.എ. യുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് കാസർഗോഡ് മണ്ഡലത്തിലെ ചെർക്കള ടൗണിൽ നടത്തിയ വികസന പ്രവൃത്തിയുടെ ഭാഗമായി നിർമ്മിച്ച സർക്കിൾ ഉചിതമല്ലാത്തതും അശാസ്ത്രീയവുമായ നിർമ്മാണമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കാസർഗോഡ് ജില്ലയിൽ ചെർക്കള ജംഗ്ഷനിൽ നിർമ്മിച്ച ട്രാഫിക് ഐലന്റ്, റൗണ്ട് എബൗട്ട് ഡിവൈഡർ തുടങ്ങിയവയുടെ രൂപകല്പനയനുസരിച്ച് നിർമ്മാണം പൂർണ്ണമാകാത്തതും, ഡ്രൈവർമാർ ഇത്തരം ജംഗ്ഷനിൽ പാലിക്കേണ്ട ട്രാഫിക് നിയമങ്ങൾ പാലിക്കാതെ യാത്ര ചെയ്യുന്നതും കൊണ്ടുള്ള ആശയക്കുഴപ്പം കാരണം അപകടം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് എത്ര പരാതികൾ കിട്ടിയിട്ടുണ്ടെന്നും ആരെല്ലാമാണ് പരാതിക്കാരെന്നും വ്യക്തമാക്കുമോ; | (ബി) യും (സി) യും | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണത്തിന്റെ ഭാഗമായി പ്രവൃത്തിയുടെ ഫയൽ വിജിലൻസിന്റെ കൈവശമാണ്. ഫയൽ വിജിലൻസിനു കൈമാറിയ ശേഷം ഇതുമായി ബന്ധപ്പെട്ട് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് (ചെർക്കള വാർഡ് കമ്മിറ്റി), ചെർക്കള വികസന സമിതി എന്നിവർ പരാതി സമർപ്പിച്ചിട്ടുണ്ട്. പരാതികളുടെ അടിസ്ഥാനത്തിൽ സർക്കിളിനു വേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിന് സ്ഥലം സർവ്വേ ചെയ്ത് റോഡ് സേഫ്റ്റി സെല്ലിനു നൽകിയിട്ടുണ്ട്. |
| (സി) | പരാതികളിൽ കഴമ്പുണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | മുകളിൽ പറഞ്ഞ സർക്കിളിൽ അശാസ്ത്രീയത ഉണ്ടെന്ന് നേരിട്ട് കണ്ട ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സർക്കിൾ ഉടൻ പൊളിച്ചു മാറ്റുമെന്ന് കാസർഗോഡ് ഒരു പൊതു യോഗത്തിൽ മന്ത്രി പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) | പ്രസ്തുത സർക്കിൾ പൊളിച്ചുമാറ്റുന്നതിന് ഉത്തരവ് നൽകുകയും ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ ഉത്തരമേഖലയ്ക്ക് പുറത്തേക്ക് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനു ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ഇ) | സർക്കിൾ പൊളിച്ചു മാറ്റുകയാണെങ്കിൽ അത് മൂലമുണ്ടാകുന്ന നഷ്ടം ആരിൽ നിന്ന് ഈടാക്കാനാണുദ്ദേശിക്കുന്നത്; | (ഇ) | പി.ഡബ്ല്യു.ഡി നിയമങ്ങൾ പാലിക്കാതെ നിർമ്മാണത്തിന് ഉത്തരവാദികളായവരിൽ നിന്ന് തുക ഈടാക്കുന്നതാണ്. |
| (എഫ്) | സർക്കിൾ ഡിസൈൻ ചെയ്തവർക്കും അവധാനതയും കാഴ്ചപ്പാടുമില്ലാതെ പ്രസ്തുത പ്രവൃത്തികൾ ചെയ്യാൻ സാഹചര്യമൊരുക്കിയ എഞ്ചിനീയർമാർക്കുമെതിരെ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (എഫ്) | ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ